## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *516 — 02.07.2019-ൽ മറുപടിക്ക്

### ട്രൈബൽ യൂണിവേഴ്സിറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>,, എൻ. ഷംസുദ്ദീൻ<br>,, ടി. വി. ഇബ്രാഹിം<br>,, ടി.എ.അഹമ്മദ് കബീർ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | കേരളത്തിലെ ആദിവാസി വിദ്യാർത്ഥികൾക്ക് നഴ്സറിതലം മുതൽ ബിരുദാനന്തര ബിരുദം വരെ പഠനവും ഗവേഷണവും നടത്താൻ വിഭാവനം ചെയ്ത ട്രൈബൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | എ) യും ബി) യും | കേരളത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നഴ്സറി തലം മുതൽ ബിരുദാനന്തര ബിരുദം വരെ പഠനവും ഗവേഷണവും നടത്താൻ കേരളത്തിൽ ഒരു ട്രൈബൽ യൂണിവേഴ്സിറ്റി ആരംഭിക്കുവാൻ 2012-ൽ നിർദ്ദേശം ഉണ്ടായിരുന്നു. എന്നാൽ ഇത് സ്ഥാപിക്കുന്നത് സംബന്ധിച്ച് ചർച്ചകളോ, വ്യക്തമായ പഠനമോ നടത്തിയിരുന്നില്ല. കൂടാതെ ഇതു സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയിരുന്നില്ല.<br><br>വയനാട് ജില്ലയിലെ പെരിയ എന്ന സ്ഥലത്ത് സ്ഥലം ലഭ്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം വിലയ്ക്ക് വാങ്ങാൻ ശ്രമിച്ചെങ്കിലും വസ്തു ഉടമയുടെ താത്പര്യകുറവു മൂലം നടന്നില്ല. പിന്നീട് മക്കിമല എന്ന സ്ഥലത്ത് സ്ഥലം കണ്ടെത്തിയിരുന്നെങ്കിലും ടി സ്ഥലം തിരുനെല്ലി മോഡൽ റസിഡൻഷ്യൽ സ്കൂളിനു വേണ്ടി കൈമാറുകയും 14.07.2015-ന് നിർമ്മാണം ആരംഭിക്കുകയും ചെയ്തിരുന്നു. കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ കീഴിൽ പട്ടികവർഗ്ഗ പഠനത്തിനായുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് അടക്കം നിരവധി സ്ഥാപനങ്ങൾ |
| ബി) | ഇതിനായി സ്ഥലം തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസരംഗത്ത് സ്ഥാപിക്കപ്പെടുകയുണ്ടായി. ടി സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പ്രത്യേകമായി ഒരു യൂണിവേഴ്സിറ്റി ആവശ്യമാണോ എന്നും അത് സ്ഥാപിക്കേണ്ട സ്ഥലത്തെപ്പറ്റിയും വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കാത്ത സാഹചര്യത്തിൽ ടി നിർദ്ദേശം തത്ക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുക യായിരുന്നു. |
| സി) | ഇതിനോടനുബന്ധിച്ച് ട്രൈബൽ ഹോസ്റ്റൽ സ്ഥാപിക്കുവാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | സി) | ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**